ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-1
29 SEP 2020

R3/649/19/CBR

കേരള ഹേൻറ്ലൂം വർക്കേർസ് വെൽഫേർ ഫണ്ട് ആക്ട്

1989

ലിററ്കോ പ്രസ്സ്, സൗത്ത് ബസാർ, കണ്ണൂർ-2.

Government of Kerala
1989

Reg.No.KL/TV(N)/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXXIV] Trivandrum, Tuesday, 31st January 1989 / 11th Magha 1910 [No.101

കേരള സർക്കാർ

നിയമ (നിയമ നിർമ്മാണം—സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 20248/ലെഗ്. സി3/88/ലാ: തിരുവനന്തപുരം, 1989 ജനുവരി, 31/
1910 മാഘം, 11.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന് 1989 ജനുവരി 30-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,

എ. വി. രാമകൃഷ്ണപ്പണിക്കർ,
നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.

1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ്

ഉള്ളടക്കം

പീഠിക

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.
2. നിർവ്വചനങ്ങൾ.
3. കൈത്തറിത്തൊഴിലാളി ക്ഷേമനിധി പദ്ധതി.
4. നിധിയിലേക്കുള്ള അംശദായം.
5. പദ്ധതി ഭേദഗതി ചെയ്യൽ.
6. ബോർഡിന്റെ രൂപീകരണം.
7. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.
8. അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.
9. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം.
10. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.
11. കിട്ടേണ്ട തുക തീരുമാനിക്കൽ.
12. അംശദായത്തിന്റെ താല്ക്കാലികമായ തിട്ടപ്പെടുത്തലും സംഭരിക്കലും.
13. കൈത്തറിത്തൊഴിലാളികളിൽനിന്നോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽനിന്നോ തൊഴിലുടമകളിൽ നിന്നോ വ്യാപാരികളിൽനിന്നോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകരിൽനിന്നോ കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി.
14. അംശദായം ചെയ്ത തുക നൽകുന്നതിന് മററു കടത്തിൻമേൽ മുൻഗണന ഉണ്ടായിരിക്കുമെന്ന്.
15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കുവാൻ പാടില്ലെന്ന്.
16. ബോർഡ് ഡയറക്ടർമാർ മുതലായവർ സർക്കാർ ഉദ്യോഗസ്ഥൻമാരായിരിക്കുമെന്ന്.

17. ശിക്ഷ.

18. കമ്പനികൾ ചെയ്യുന്ന കുററങ്ങൾ.

19. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.

20. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.

21. സർക്കാർ നൽകുന്ന നിർദ്ദേശം.

22. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.

23. ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം.

24. ബോർഡിന്റെ കണക്കുകളുടെ ആഡിററ്.

25. വാർഷികറിപ്പോർട്ടും കണക്കുകളുടെ ആഡിററുചെയ്ത സ്റ്റേററുമെൻറും.

26. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് തടസ്സം.

27. ഏതെങ്കിലും ആക്ററുകളോ കരാറോ പ്രകാരം ഉണ്ടാക്കിയിട്ടുള്ള ക്ഷേമനിധികളിൽനിന്നുമുള്ള ശേഖരണം കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.

28. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

29. റദ്ദാക്കൽ.

പട്ടിക.

1989-ലെ 2-ാം ആക്ററ്

1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്ററ്

കേരള സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ സ്വന്തമായിതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന ഒരു ആക്ററ്.

പീഠിക:— കേരള സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതിന് ആനുഷംഗികമായ മററു ചില കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിഒൻപതാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും:—(1) ഈ ആക്ററിന് 1989-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ആക്ററ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ, ഗസററ് വിജ്ഞാപനപ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ:— ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''ബോർഡ്'' എന്നതിന്, 6–ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു.

(ബി) ''ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ'' എന്നതിനു 9–ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(സി) ''അംശദായം'' എന്നതിനു, 4–ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ഡി) ''വ്യാപാരി'' എന്നതിനു, നൂലോ, കൈത്തറിത്തുണിയോ മറേറതെങ്കിലും കൈത്തറി ഉല്പന്നമോ വാങ്ങുകയോ വിൽക്കുകയോ അല്ലെങ്കിൽ വിൽക്കുന്നതിനുവേണ്ടി ശേഖരിച്ചുവയ്ക്കുകയോ ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ഇ) ''ഹാൻഡ്‌ലൂം ഡയറക്ടർ'' എന്നതിന് കേരള സംസ്ഥാനത്തെ ഹാൻഡ്‌ലൂം ഡയറക്ടർ എന്നർത്ഥമാകുന്നു;

(എഫ്) ''തൊഴിലുടമ'' എന്നതിനു തനിക്കുവേണ്ടിയോ മറേറതെങ്കിലും ആൾക്കുവേണ്ടിയോ കൈത്തറി വ്യവസായത്തിലെ വിവിധ പ്രക്രിയകളോടനുബന്ധിച്ചുള്ള ഏതെങ്കിലും ജോലിചെയ്യുന്നതിനുവേണ്ടി ഒന്നോ അതിലധികമോ കൈത്തറിത്തൊഴിലാളികളെ നേരിട്ട് നിയമിക്കുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

(ജി) ''കുടുംബം'' എന്നതിന് കൈത്തറി തൊഴിലാളിയുടേയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുടേയോ ഭാര്യ, അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത ആൺമക്കളും അവിവാഹിതരായ പെൺമക്കളും കൈത്തറി തൊഴിലാളിയെയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ട ആളെയോ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും എന്നർത്ഥമാകുന്നു;

(എച്ച്) ''നിധി'' എന്നതിന് 3–ാം വകുപ്പുപ്രകാരവും പദ്ധതി പ്രകാരവും രൂപീകരിക്കപ്പെട്ട കൈത്തറിത്തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഐ) ''കൈത്തറി ഉൽപ്പന്നങ്ങൾ'' എന്നതിന് പരുത്തിനൂല്, പോളിസ്റ്റർ നൂല്, സിൽക്ക് നൂല് അല്ലെങ്കിൽ മറേറതെങ്കിലും സമ്മിശ്ര നൂല് എന്നിവയിൽനിന്നു് കൈത്തറിയിൽ നെയ്തിട്ടുള്ള എല്ലാ തരത്തിലുമുള്ള തുണികൾ എന്നർത്ഥമാകുന്നു;

(ഇ) മറേറതെങ്കിലും മാർഗ്ഗത്തിൽനിന്നുള്ള ഏതൊരു സംഭാവനകളും;

(എഫ്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനായി മററു മാർഗ്ഗങ്ങളിൽകൂടി ബോർഡ് ആർജ്ജിക്കുന്ന ഏതെങ്കിലും തുക;

(ജി) പദ്ധതി പ്രകാരം ചുമത്തിയ ഫീസ്;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവുകൊള്ളിക്കേണ്ടതായ മറേറതെങ്കിലും തുക;

(3) നിധി 6–ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും, ബോർഡിനാൽ കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

(4) നിധി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. അതായത്,–

(എ) താഴെപ്പറയുന്നവർക്ക് പെൻഷൻ നൽകുന്നതിന്.–

(i) ശാരീരികമായ വൈകല്യത്താൽ ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ അറുപത് വയസ്സ് പൂർത്തിയാവുകയോ ചെയ്ത ഒരംഗത്തിന്;

(ii) ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഒരു കൈത്തറിത്തൊഴിലാളിയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടയാളോ ആയിരുന്നിരിക്കുകയും അറുപത് വയസ്സ് കഴിഞ്ഞിരിക്കുകയും സ്ഥായിയായ അവശത അനുഭവിക്കുകയോ തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്നതുമായ ആളിന്;

(ബി) കുടുംബ പെൻഷൻ നൽകുന്നതിന്;

(സി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിനു് സാമ്പത്തികസഹായം നൽകുന്നതിന്;

(ഡി) മക്കളുടെ വിവാഹചെലവുകൾക്കോ, ആശ്രിതരുടെ മരണം സംബന്ധിച്ച ചെലവുകൾക്കോ, ഭവന നിർമ്മാണത്തിനോ അററകുററപ്പണിക്കോ ഉള്ള ചെലവുകൾക്കോ ഒരംഗത്തിനു് വായ്പകളോ ഗ്രാൻറുകളോ നൽകുന്നതിനു്;

(ഇ) കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിനു്;

(എഫ്) കൈത്തറിത്തൊഴിലാളികൾക്കും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ചികിത്സാസൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസമുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നതിന്;

(ജി) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന്

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പുപ്രകാരം തയ്യാറാക്കിയ പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ അഥവാ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(6) പദ്ധതി തയ്യാറാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുൻപാകെ—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാം—ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തിയാൽ പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി പദ്ധതി പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

4. <u>നിധിയിലേക്കുള്ള അംശദായം</u> (1) ഓരോ കൈത്തറിത്തൊഴിലാളിയും പ്രതിമാസം ഒരു രൂപാ വീതവും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം രണ്ടു രൂപാ വീതവും നിധിയിലേക്ക് അംശദായം നല്കേണ്ടതാണ്.

(2) ഓരോ വ്യാപാരിയും അയാളുടെ ഒരു മാസത്തെ മൊത്തം വിററുവരവിന്റെ ഒരു ശതമാനത്തിന് തുല്യമായ ഒരു തുക ഓരോ മാസവും നിധിയിലേക്ക് അംശദായമായി നല്കേണ്ടതാണ്.

(3) ഓരോ തൊഴിലുടമയും സഹകരണസംഘം ഉൾപ്പെടെയുള്ള കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകരും അവർ ഏർപ്പെടുത്തിയിട്ടുള്ള കൈത്തറിത്തൊഴിലാളികൾ അംശദായമായി ഒരു വർഷം നൽകിയ തുകയ്ക്ക് തുല്യമായ ഒരു തുക ഓരോ വർഷവും നിധിയിലേക്ക് അംശദായമായി നല്കേണ്ടതാണ്.

(4) കൈത്തറിത്തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം അംശദായമായി നല്കിയ തുകയുടെ

ഇരട്ടിക്ക് തുല്യമായ ഒരു തുക വർഷംതോറും സർക്കാർ, നിധിയിലേക്ക് അംശദായമായി നല്കേണ്ടതാണ്.

(5) അംശദായം ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ പക്കലോ ഈ ആവശ്യത്തിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പക്കലോ നല്കേണ്ടതാണ്.

(6) ഈ ആക്റ്റുപ്രകാരം നല്കേണ്ടതായ അംശദായത്തുക ഒരു രൂപയുടെ ഭിന്നിതമായി വരുന്നിടത്ത് അതിന്റെ തൊട്ടടുത്ത രൂപയായി അങ്ങനെയുള്ള ഭിന്നിതത്തെ ക്രമപ്പെടുത്താൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(5) <u>പദ്ധതി ഭേദഗതിചെയ്യൽ:</u>— (1) സർക്കാരിന് ഗസററ് വിജ്ഞാപനംവഴി പദ്ധതിയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള എല്ലാ വിജ്ഞാപനവും, അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ,—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാം—ആകെ പതിനാലു ദിവസത്തേക്ക്—വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

6. <u>ബോർഡിന്റെ രൂപീകരണം:</u>— (1) സർക്കാരിന്, ഗസററ് വിജ്ഞാപനംവഴി അതിൽ പ്രത്യേകം പറയാവുന്ന തീയതിമുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിധിയുടെ നടത്തിപ്പിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനോ അവ നിർവഹിക്കുന്നതിനോ വേണ്ടിയും 'കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്'' എന്ന് പറയുന്ന ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതു മുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ററർമാർ ഉണ്ടായിരിക്കുന്നതാണ്. അതായത്:—

(i) കൈത്തറിത്തൊഴിലാളികളേയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരേയും പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(ii) വ്യാപാരികൾ, തൊഴിലുടമകൾ, കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകർ എന്നിവരുടെ ഇടയിൽനിന്നുള്ള അഞ്ച് അംഗങ്ങൾ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ;

(4) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ അതിൻെറ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

(5) സർക്കാർ, ബോർഡിൻെറ ചെയർമാൻേറയും ഡയറക്ടർമാരുടേയും പേരുകൾ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) പദ്ധതിയിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന രീതിയിൽ ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം നടത്തേണ്ടതാണ്.

(7) ബോർഡിന് സർക്കാരിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, പ്രത്യേകം പറയാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും, വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്ന് കരുതുന്നതും ഈ ആക്ററോ പദ്ധതിയോ പ്രകാരമുള്ളതും ആയ അതിൻെറ അധികാരങ്ങളും ചുമതലകളും ബോർഡിൻെറ ചെയർമാനോ ഏതെങ്കിലും ഡയറക്ടർക്കോ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ ഏല്പിച്ചു കൊടുക്കാവുന്നതാണ്.

7. ഡയറക്റ്റർമാരുടെ ഔദ്യോഗിക കാലാവധി:—(1) 6-ാം വകുപ്പ് (3)-ാം ഉപ വകുപ്പു പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ററുടെ കാലാവധി മൂന്നു വർഷമായിരിക്കുന്നതാണ്.

(2) 8-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് എപ്പോൾ വേണമെങ്കിലും, രേഖാമൂലം കാരണം കാണിച്ചുകൊണ്ട്

ബോർഡിലെ ഏതൊരു ഡയറക്ടറേയും ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അത് നിർദ്ദേശിക്കപ്പെട്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കുന്നതിനു് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയതിനുശേഷമായിരിക്കേണ്ടതുമാണ്;

എന്നാൽ പൊതുതാല്പര്യം പരിഗണിച്ച് കാരണങ്ങൾ രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ നിർദ്ദേശിക്കപ്പെട്ട നീക്കംചെയ്യലിനെതിരായി കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ല.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതും, എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

8. അനൗദ്യോഗിക ഡയറക്ടർമാരെ നീക്കംചെയ്യൽ:—(1) സർക്കാരിന്, ഗസററ് വിജ്ഞാപനംവഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയരക്റ്ററേയും താഴെപ്പറയുന്ന കാരണങ്ങളാൽ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്;

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരുന്നിട്ടുണ്ട് എങ്കിൽ :

എന്നിരുന്നാൽ തന്നെയും ഗസററിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുമുൻപ് ബോർഡിന് അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മാപ്പാക്കാവുന്നതാണ്;

(ബി) അദ്ദേഹം ഡയരക്റ്ററായി പ്രവർത്തിക്കുന്നതിനു് അനുയോജ്യനല്ലെന്നോ കഴിവില്ലാത്തവനായിത്തീർന്നുവെന്നോ ഡയരക്റ്ററായി അദ്ദേഹം തുടരുന്നത് പൊതു താൽപര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ ഡയരക്റ്റർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം :

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഒരു ഡയരക്റ്ററെ നീക്കം ചെയ്യുന്നതിന് മുൻപായി, അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡ പ്രകാരം ബോർഡിലെ നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക ഡയരക്ടർ, മററുവിധത്തിൽ സർക്കാർ ഉത്തരവാകാത്തപക്ഷം, അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക്, ബോർഡിലെ ഡയരക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം ബോർഡിലെ നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക ഡയരക്ടർ, സർക്കാർ ഉത്തരവ് മൂലം മേലാൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ, വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

9. <u>ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം:</u>— (1) സർക്കാരിന്, ഈ ആക്ററ് പ്രകാരമുള്ള ബോർഡിൻെറ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും ആവശ്യമെന്ന് കരുതുന്നത്ര മററ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും മററ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമന രീതിയും, ശമ്പളവും അലവൻസുകളും അച്ചടക്കവും മററു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തപ്പെടുന്ന, ബോർഡിൻെറ കീഴിലുള്ള സർവ്വീസിലെ തസ്തികകളുടെ സംഗതിയിൽ അതതു സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958ലെ കേരള സ്റ്റേററ് ആൻറ് സബോർഡിനേററ് സർവീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും സർക്കാർ, ആവശ്യമായ ഭേദഗതികളോടെ, പാലിക്കേണ്ടതാണ്.

10. <u>കടം വാങ്ങുന്നതിനുള്ള ബോർഡിൻെറ അധികാരം:</u>—ബോർഡിന്, സർക്കാരിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും, പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, അതതുസമയം, പണം കടം വാങ്ങാവുന്നതാണ്.

11. <u>കിട്ടേണ്ട തുക തീരുമാനിക്കൽ:</u>— (1) ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ അഥവാ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന

ഡെപ്യൂട്ടി ലേബർ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും, 4-ാം വകുപ്പു പ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയാൻ അവസരം നൽകിയതിനുശേഷവും, ഈ ആക്റ്റിലെയോ പദ്ധതിയിലേയോ വ്യവസ്ഥകൾപ്രകാരം ഓരോ തൊഴിലുടമയിൽ നിന്നോ വ്യാപാരിയിൽനിന്നോ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകനിൽ നിന്നോ കിട്ടേണ്ട തുക, ഉത്തരവുമൂലം തീരുമാനിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്, അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണചെയ്യുന്ന സമയത്ത് ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്. അതായത്:—

(എ) ഏതൊരു ആളെയും ഹാജരാകുവാൻ നിർബന്ധിക്കുന്നതിന് അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിന്;

(ബി) പ്രമാണങ്ങൾ കണ്ടെടുക്കുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവു സ്വീകരിക്കുന്നതിന്;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനെ അയയ്ക്കുന്നതിന്.

(3) ഈ വകുപ്പുപ്രകാരമുള്ള ഏതൊരന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ം, 228-ം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്നതും പ്രസ്തുത നിയമത്തിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിലേക്കുള്ളതുമായ ഒരു ജുഡീഷ്യൽ നടപടിയായി കരുതപ്പെടേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഉത്തരവിൻമേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവു കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം ലേബർ കമ്മീഷണർക്കോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ ജില്ലാ ലേബർ ആഫീസർ പദവിയിൽ താഴെ അല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അപ്പീൽ ബോധിപ്പിക്കാവുന്നതും, ലേബർ കമ്മീഷണർക്കോ, അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപ്രകാരത്തിൽ

അന്വേഷണം നടത്തിയതിനുശേഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതുമാണ്.

(5) സർക്കാരിന്, സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിൻമേലോ ലേബർകമ്മീഷണറോ (4)-ാം ഉപവകുപ്പു പ്രകാരം അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എടുത്ത ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് യുക്തമെന്ന് തോന്നുന്നപ്രകാരമുള്ള അന്വേഷണം നടത്താവുന്നതും ഉത്തരവ് പാസാക്കാവുന്നതുമാണ്;

എന്നാൽ, ഈ ഉപവകുപ്പുപ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള ഒരപേക്ഷ, അപേക്ഷകന് ഉത്തരവ് ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനകം നല്കേണ്ടതാണ്.

എന്നുമാത്രമല്ല, ഇത് ബാധകമായേക്കാവുന്ന ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നല്കാതെ ഈ ഉപവകുപ്പുപ്രകാരം, യാതൊരു ഉത്തരവും പുറപ്പെടുവിക്കാവുന്നതല്ല.

12. <u>അംശാദായത്തിന്റെ താല്ക്കാലികമായ തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും</u>:— (1) 4-ാം വകുപ്പുപ്രകാരം അംശദായം നല്കാൻ ബാദ്ധ്യതയുള്ള തൊഴിലുടമയോ വ്യാപാരിയോ അല്ലെങ്കിൽ കൈത്തറി ഉല്പന്നങ്ങളുടെ ഉൽപ്പാദകനോ കൊടുക്കാനുള്ള തുക, 11-ാം വകുപ്പുപ്രകാരം തീരുമാനിക്കുന്നതുവരെ പ്രസ്തുത വകുപ്പുപ്രകാരം ഏററവും ഒടുവിൽ തീരുമാനിച്ചതനുസരിച്ച് അയാൾ ഒരു വർഷം കൊടുക്കേണ്ടതായ തുകയുടെ പന്ത്രണ്ടിൽ ഒരു ഭാഗത്തിന് തുല്യമായ ഒരു തുക ഓരോ മാസവും 5-ാം തീയതിയോ അതിന് മുൻപോ നൽകേണ്ടതാണ്.

(2) ഒരു കൈത്തറിത്തൊഴിലാളിയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളോ ഒരു മാസം കൊടുക്കേണ്ടതായ അംശദായം തൊട്ടടുത്ത മാസത്തെ 5-ാം തീയതിയോ അതിനുമുൻപോ നൽകേണ്ടതാണ്.

(3) തുക കൊടുക്കേണ്ടതായ തീയതിയിലോ അതിനുമുമ്പോ അംശദായം കൊടുത്തിട്ടില്ലാത്തപക്ഷം, ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അല്ലെങ്കിൽ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, വീഴ്ചവരുത്തുന്ന ആൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും, അങ്ങനെയുള്ള നോട്ടീസ് കൈപ്പററി പതിനഞ്ചു ദിവസത്തിനകം തുക നൽകാത്ത [illegible]ക്ഷം, ഭൂമിയിൻമേലുള്ള കര കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ [illegible] വസൂലാക്കാവുന്നതുമാണ്.

(4) (1)–ാം ഉപവകുപ്പുപ്രകാരം ഒരു തൊഴിലുടമയോ, വ്യാപാരിയോ, കൈത്തറി ഉൽപന്നങ്ങളുടെ ഉൽപാദകനോ ഒരു വർഷത്തേക്ക് നൽകിയ തുക ആ വർഷത്തേക്ക് 11–ാം വകുപ്പുപ്രകാരം തീരുമാനിച്ച തുകയിൽ തട്ടിക്കഴിക്കേണ്ടതാണ്.

13 കൈത്തറിത്തൊഴിലാളികളിൽനിന്നോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളിൽനിന്നോ തൊഴിലുടമകളിൽനിന്നോ വ്യാപാരികളിൽനിന്നോ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരിൽനിന്നോ കിട്ടേണ്ട പണം വസൂലാക്കേണ്ട രീതി;—ഈ ആക്ടിന്റെയോ അല്ലെങ്കിൽ പദ്ധതിയുടെയോ വ്യവസ്ഥകൾപ്രകാരം കൈത്തറിത്തൊഴിലാളികളിൽനിന്നോ സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ള ആളുകളിൽനിന്നോ തൊഴിലുടമകളിൽനിന്നോ, വ്യാപാരികളിൽനിന്നോ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരിൽ നിന്നോ കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ, ഭൂമിയിൻമേലുള്ള കര കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കാവുന്നതാണ്.

14. മററു കടങ്ങളേക്കാൾ അംശദായം നൽകുന്നതിന് മുൻഗണന:—4–ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായിട്ടുള്ള ഏതെങ്കിലും തൊഴിലുടമയോ വ്യാപാരിയോ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകനോ പാപ്പരാണെന്ന് വിധിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ അല്ലെങ്കിൽ തൊഴിലുടമയോ വ്യാപാരിയോ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകനോ ഒരു കമ്പനിയായിരിക്കുകയും അത് വൈൻഡ്–അപ് ചെയ്യുന്നത് സംബന്ധിച്ച് ഉള്ള ഉത്തരവു പുറപ്പെടുവിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന സംഗതിയിൽ ഈ ആക്ടോ പദ്ധതിയോ അനുസരിച്ച് തൊഴിലുടമയിൽനിന്നോ വ്യാപാരിയിൽനിന്നോ കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകരിൽനിന്നോ കിട്ടാനുള്ള തുക സംബന്ധിച്ച ബാദ്ധ്യത, പാപ്പരായി വിധിക്കപ്പെട്ടതു സംബന്ധിച്ചോ വൈൻഡ്–അപ് ചെയ്യുന്നതു സംബന്ധിച്ചോ ഉള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനു് മുൻപ് ഉണ്ടായിട്ടുള്ളതാണെങ്കിൽ, 1955–ലെ ഇൻസോൾവൻസി ആക്ററ് (1956–ലെ 2) 64–ാം വകുപ്പുപ്രകാരമോ അഥവാ 1956–ലെ കമ്പനി ആക്ററ് (1956–ലെ 1–ാം കേന്ദ്ര ആക്ററ്) 530–ാം വകുപ്പുപ്രകാരമോ, അതതു സംഗതിപോലെ പാപ്പരായ ആളിന്റെ വസ്തുവകകളോ അഥവാ വൈൻഡ്–അപ് ചെയ്യപ്പെടുന്ന കമ്പനിയുടെ ആസ്തികളോ വീതിച്ചു കൊടുക്കുമ്പോൾ മറെറല്ലാ കടങ്ങൾക്കും മേൽ മുൻഗണന നൽകി കൊടുത്തു തീർക്കേണ്ടതായ കടങ്ങളിൽ ഉൾപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

15. തൊഴിലുടമ വേതനം മുതലായവ കുറയ്ക്കുവാൻ പാടില്ലെന്ന്:—നിധിയിലേക്കുള്ള അംശദായം നൽകാനുള്ള ബാദ്ധ്യതയുടെ മാത്രം പേര

തൊഴിലുടമയോ, വ്യാപാരിയോ കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകനോ, ഈ പദ്ധതി ബാധകമാകുന്ന ഏതെങ്കിലും കൈത്തറിത്തൊഴിലാളിയുടെ വേതനമോ, പ്രകടമായോ വ്യംഗ്യമായോ ഉള്ള നിയമന വ്യവസ്ഥകൾ അനുസരിച്ച് കൈത്തറിത്തൊഴിലാളികൾക്ക് അവകാശപ്പെട്ട മൊത്ത ആനുകൂല്യങ്ങളോ പ്രത്യക്ഷമായോ പരോക്ഷമായോ കുറയ്ക്കാൻ പാടില്ലാത്തതാകുന്നു.

16. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സർവന്റ്മാരായിരിക്കുമെന്ന്:— ബോർഡിന്റെ ഓരോ ഡയറക്ടറും, 9-ാം വകുപ്പ് (1) ാം ഉപവകുപ്പനുസരിച്ച് നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മറ്റുദ്യോഗസ്ഥൻമാരും ജീവനക്കാരും, ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവന്റായി കണക്കാക്കപ്പെടുന്നതാണ്.

17. ശിക്ഷ:—(1) ഈ ആക്റ്റ് പ്രകാരമോ പദ്ധതി അനുസരിച്ചോ താൻ നൽകേണ്ടതായ ഏതെങ്കിലും പണം നൽകുന്നത് ഒഴിവാക്കുന്നതിന് വേണ്ടിയോ അഥവാ മറ്റേതെങ്കിലും ആളെ അപ്രകാരം പണം കൊടുക്കുന്നത് ഒഴിവാക്കാൻ സഹായിക്കുന്നതിനുവേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവനയോ വ്യാജമായ നിവേദനമോ നടത്തുകയോ നടത്താൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും മൂന്നുമാസം വരെയുള്ള തടവോ അഥവാ അഞ്ഞൂറു രൂപവരെയുള്ള പിഴയോ അഥവാ ഇവ രണ്ടുംകൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്.

(2) ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകളേതെങ്കിലും ലംഘിക്കുകയോ അഥവാ അതനുസരിച്ച് പ്രവർത്തിക്കാൻ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാൾക്കും അപ്രകാരമുള്ള ലംഘനത്തിനോ അനുസരിക്കാതിരിക്കലിനോ ഈ ആക്റ്റുമൂലമോ ആക്റ്റിൻകീഴിലോ മറ്റെവിടെയെങ്കിലും മറ്റൊരു ശിക്ഷയും വ്യവസ്ഥ ചെയ്യിട്ടില്ലാത്ത പക്ഷം, രണ്ടുമാസംവരെയുള്ള തടവോ അഥവാ നാനൂറു രൂപ വരെയുള്ള പിഴയോ അഥവാ ഇവ രണ്ടും കൂടിയതോ ആയ ശിക്ഷ നൽകാവുന്നതാണ്.

(3) ഈ ആക്റ്റുപ്രകാരം ശിക്ഷാർഹമായിട്ടുള്ള യാതൊരു കുറ്റവും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതാകുന്നു.

(4) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായിട്ടുള്ള യാതൊരു കുറ്റവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദ

... അഥവാ

... , ഈ ആക്റ്റിലെയോ പദ്ധതിയിലെയോ

വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അഥവാ അതിൻെറ അധികാരങ്ങൾ അതിക്രമിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ള പക്ഷം, സർക്കാരിന്, ഗസററിൽ വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ്, സർക്കാർ, ബോർഡിന്, അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകേണ്ടതും, ബോർഡിന്, വിശദീകരണങ്ങളും ആക്ഷേപങ്ങളും എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനെത്തുടർന്ന്;—

(എ) ബോർഡിലെ എല്ലാ ഡയറക്ടറർമാരും അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ അപ്രകാരമുള്ള ഡയറക്ടറെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിഞ്ഞതായി കണക്കാക്കേണ്ടതും;

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലയളവിൽ, വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മററ് വസ്തുവകകളും സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും, ആകുന്നു

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട, വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലയളവ് അവസാനിക്കുന്നതിനെത്തുടർന്ന്. സർക്കാർ, 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുന:സംഘടിപ്പിക്കേണ്ടതാകുന്നു.

24. ബോർഡിൻെറ കണക്കുകളുടെ ആഡിററ്:—(1) ബോർഡിന്റെ കണക്കുകൾ ആഡിററ് ചെയ്യുന്നതിനായി ബോർഡ് ആഡിററർമാരെ നിയമിക്കേണ്ടതാണ്.

19. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.— ഈ ആക്ററു പ്രകാരമോ പദ്ധതിപ്രകാരമോ നിധിയിലേക്കുള്ള ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നപക്ഷം, ബോർഡിന്, കുടിശ്ശിക തുകയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാതെ യുക്തമെന്ന് അവർ കരുതുന്ന നഷ്ടപരിഹാരം അയാളിൽനിന്നും വസൂലാക്കാവുന്നതാണ്.

20, ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം:— ഈ ആക്ററു പ്രകാരമോ അഥവാ പദ്ധതി പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറേറതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മററ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

21. സർക്കാർ നല്കുന്ന നിദ്ദേശം:—(1) സർക്കാരിന്, ബോർഡുമായി ആലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ടതായ പൊതുവായ നിദ്ദേശങ്ങൾ ബോർഡിനു നൽകാവുന്നതാണ്.

(2) ബോർഡ്, ഈ ആക്ററുപ്രകാരമുള്ള അതിൻെറ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിവ്വഹിക്കുകയും ചെയ്യുമ്പോൾ, സർക്കാരിൻെറ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ, (1)–ാം ഉപവകുപ്പുപ്ര[illegible]ാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതു നിദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

22. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം:— (1) സർക്കാരിന്, ഏത് സമയത്തും, ബോർഡിൻെറ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി ഒരു സർക്കാർ ജോയിൻറ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആൾക്ക്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ്, ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടാവുന്ന ബോർഡിൻെറ പക്കലുള്ള രേഖകളും കണക്കുകളും; വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാകുന്നു.

23. ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം:— (1) 22–ാം വകുപ്പുപ്രകാരമുള്ള റിപ്പോർട്ട് പരിഗണിച്ചശേഷമോ അഥവാ മററുവിധത്തിലോ ബോർഡ്, ഈ ആക്ററിലേയോ പദ്ധതിയിലേയോ

വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അഥവാ അതിൻെറ അധികാരങ്ങൾ അതിക്രമിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ള പക്ഷം, സർക്കാരിന്, ഗസററിൽ വിജ്ഞാപനംമൂലം, വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന പ്രകാരമുള്ള ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ്, സർക്കാർ, ബോർഡിന്, അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകേണ്ടതും, ബോർഡിന്, വിശദീകരണങ്ങളും ആക്ഷേപങ്ങളും എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതും ആകുന്നു.

(2) (1)–ാം ഉപവകുപ്പുപ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനെത്തുടർന്ന്;—

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ അപ്രകാരമുള്ള ഡയറക്ടറെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിഞ്ഞതായി കണക്കാക്കേണ്ടതും;

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലയളവിൽ, വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കാവുന്ന ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും;

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മററ് വസ്തുവകകളും സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും, ആകുന്നു

(3) (1)–ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട, വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള സൂപ്പർസീഡ് ചെയ്തിട്ടുള്ള കാലയളവ് അവസാനിക്കുന്നതിനെത്തുടർന്ന്. സർക്കാർ, 6–ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുന:സംഘടിപ്പിക്കേണ്ടതാകുന്നു.

24. ബോർഡിൻെറ കണക്കുകളുടെ ആഡിററ്:—(1) ബോർഡിന്റെ കണക്കുകൾ ആഡിററ് ചെയ്യുന്നതിനായി ബോർഡ് ആഡിററർമാരെ നിയമിക്കേണ്ടതാണ്.

(2) ബോർഡിൻെറ കണക്കുകൾ വർഷത്തിലൊരിക്കൽ, അപ്രകാരമുള്ള ആഡിററർമാർ പരിശോധിക്കേണ്ടതും ആഡിററു ചെയ്യേണ്ടതുമാണ്.

25. വാർഷിക റിപ്പോർട്ടും കണക്കുകളും ആഡിററുചെയ്ത സ്റ്റേററുമെൻറും:—(1) ബോർഡിൻെറ നിർദ്ദേശപ്രകാരം ബോർഡിൻെറ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ബോർഡിൻെറ അംഗീകാരത്തിനു ശേഷം റിപ്പോർട്ടിൻെറ ഒരു പകർപ്പ് കണക്കുകളുടെ ആഡിററുചെയ്ത സ്റ്റേററുമെൻറു സഹിതം ഓരോ വർഷവും ജൂലായ് അവസാനത്തിനുമുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിററുചെയ്ത സ്റ്റേററുമെൻറ് സഹിതം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

26. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്:— ഈ ആക്ററോ, പദ്ധതിയോ പ്രകാരമോ അവയിൻകീഴിലോ സർക്കാരോ ബോർഡോ, ലേബർ കമ്മീഷണറോ അല്ലെങ്കിൽ ലേബർ കമ്മീഷണർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, പരിഹരിക്കുകയോ തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ നിശ്ചയിക്കുകയോ ചെയ്യേണ്ടതായ ഏതൊരു പ്രശ്നവും പരിഹരിക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

27. ഏതെങ്കിലും ആക്ററോ കരാറോ പ്രകാരം ഉണ്ടാക്കിയിട്ടുള്ള ക്ഷേമനിധികളിൽനിന്നുമുള്ള ശേഖരണം കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ:— തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും നിയമമോ കരാറോ പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ക്ഷേമനിധിയിൽ ഒരു അംഗത്തിൻെറ കണക്കിൽ ഉണ്ടായിരുന്ന തുകകൾ ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഈ ആക്ററ് പ്രകാരം ഉണ്ടാക്കിയ നിധിയിലേക്ക് കൈമാറുന്നതും കണക്കിൽ വരവു വയ്ക്കുന്നതും, അപ്രകാരമുള്ള ക്ഷേമനിധികളിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിൻെറ ബാദ്ധ്യത അങ്ങനെയുള്ള തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

28. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം:— (1) സർക്കാരിന്, ഗസററിൽ വിജ്ഞാപനംമൂലം, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പി

ലാക്കുന്നതിനായി മുൻകാലപ്രാബല്യത്തോടുകൂടിയോ, അഥവാ പില്ക്കാല പ്രാബല്യത്തോടുകൂടിയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ,—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാം— ആകെ പതിന്നാലു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അഥവാ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ, ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

29. റദ്ദാക്കൽ:— 1988-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (1988-ലെ 14) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

പട്ടിക

[3-ാം വകുപ്പ് (5)-ാം ഉപവകുപ്പ് കാണുക]

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. കൈത്തറിത്തൊഴിലാളികൾ, സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവർ, തൊഴിലുടമകൾ, വ്യാപാരികൾ, കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകർ എന്നിവരുടെ രജിസ്ട്രേഷൻ.

2. കൈത്തറിത്തൊഴിലാളികൾ, സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവർ, തൊഴിലുടമകൾ, വ്യപാരികൾ, കൈത്തറി ഉല്പന്നങ്ങളുടെ ഉല്പാദകർ എന്നിവർ നിധിയിലേക്ക് ഏതു സമയത്ത് ഏതു രീതിയിൽ അംശദായം നൽകണമെന്നും കൈത്തറിത്തൊഴിലാളിയോ, സ്വന്തമായി തൊഴിലിലേർപ്പെട്ടിട്ടുള്ളവരോ 4-ാം വകുപ്പു പ്രകാരം നൽകേണ്ട അംശദായം വസൂലാക്കേണ്ട രീതിയും.

3. കൈത്തറിത്തൊഴിലാളികളുടെ അംശദായം വിവിധ മേഖലകളിൽനിന്ന് തൊഴിലുടമകൾ വസൂലാക്കേണ്ട രീതി.

4. ബോർഡിനെ സഹായിക്കുന്നതിനുള്ള ഏതെങ്കിലും കമ്മിററിയുടെ രൂപീകരണം.

5. കണക്കുകൾ സൂക്ഷിക്കേണ്ട രീതി; സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളോ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയിലുള്ള പണം നിക്ഷേപിക്കൽ, ബഡ്ജററ് തയ്യാറാക്കൽ, കണക്കുകൾ ആഡിററു ചെയ്യൽ, സർക്കാരിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കൽ എന്നിവ.

6. നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും അതിൽനിന്നും തട്ടിക്കഴിക്കലോ കണ്ടുകെട്ടലോ നടത്തുന്നതിനുമുള്ള വ്യവസ്ഥകളും തട്ടിക്കഴിക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏററവും കൂടിയ തുകയും.

7. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തൻെറയും തൻെറ കുടുംബത്തേയുംപററി വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

8. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുകയോ അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാററം വരുത്തുകയോ ചെയ്യുന്നവിധം.

9. കൈത്തറിത്തൊഴിലാളികളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും തൊഴിലുടമകൾ നൽകേണ്ട റിട്ടേണുകളും.

10. നിധിയുടെ ഏതെങ്കിലും അംഗത്തെ തരിച്ചറിയുന്നതിനുവേണ്ടിയുള്ള ഐഡൻറിററി കാർഡിൻെറ രൂപവും അല്ലെങ്കിൽ മാതൃകയും അവ നൽകലും, സൂക്ഷിക്കലും പകരം നൽകലും.

11. പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ചുമത്തേണ്ട ഫീസ്.

12. ഈ ആക്ററുപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അത്.

13. 27–ാം വകുപ്പുപ്രകാരം മാററം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് കൊണ്ടുവന്ന് വരവുവെയ്ക്കേണ്ടതിൻെറ രീതി.

14. കൈത്തറിത്തൊഴിലാളികളുടെയോ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടേയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനു വേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാമെന്ന്.

15. നിധി കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

16. നിധിയിൽനിന്നും പെൻഷൻ, കുടുംബപെൻഷൻ, ഗ്രാൻറുകൾ, വായ്പകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

17. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്ന കാര്യത്തിന് ആവശ്യമാകാവുന്നതോ ഉചിതമായതോ ആയ മറേറതെങ്കിലും സംഗതി.